**ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിനുള്ള നടപടി**

**50(739)** ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് മേഖലയിലും, സർക്കാർ മേഖലയിലുമുള്ള സ്കൂളുകൾ അപ്ഗ്രഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഗ്രന്ഥശാല സംഘത്തിന്റെ നിയന്ത്രണത്തിലുള്ള ഈ സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സി.ബി.എസ്.ഇ., സ്വാശ്രയ സ്കൂളുകൾക്ക് എൻ.ഒ.സി. നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

**എയ്ഡഡ് സ്കൂൾ നിയമന നിരോധനം**

**51(740)** ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർ നിയമനാംഗീകാരവും ശമ്പളവുമില്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നാളിതുവരെയായതൊരു നടപടികളും സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(ബി) ജി.ഒ.(പി) 10/10 ഉത്തരവ് പ്രകാരം നിയമന നിരോധനം പിൻവലിച്ചിട്ടും യാതൊരു നടപടികളും സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 2006-07 അദ്ധ്യയന വർഷം മുതൽ നിയമന നിയന്ത്രണം നിലനിന്നിരുന്ന സമയത്ത് പട്ട വിരുദ്ധമായി എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ നിയമനങ്ങൾ 12-1-2010-ലെ ജി.ഒ.(പി)നമ്പർ 10/10/പൊ.വി. പ്രകാരം ചില വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടുള്ള എയ്ഡഡ് സ്കൂൾ നിയമനങ്ങൾക്കെല്ലാം അംഗീകാരം നൽകിയിട്ടുണ്ട്. വ്യവസ്ഥകൾ പാലിക്കാത്ത നിയമനങ്ങൾക്കാണ് അംഗീകാരം ലഭിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly